കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം

38 [1243] ശ്രീ. കടവൂർ ശിവദാസൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. സുധാകരൻ :
,, എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) ഈ വർഷം കോർപ്പറേഷന്റെ ടേൺ ഓവറിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ വർഷം ഇതുവരെയുള്ള ടേൺ ഓവർ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) 21-2-2005 വരെയുള്ള ടേൺ ഓവർ 10.73 കോടി രൂപയാണ്.

കൈത്തറിത്തൊഴിലാളികളെ സഹായിക്കുവാനുള്ള പദ്ധതി

39 [1244] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളികളെ സഹായിക്കുവാനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റ് കൈത്തറി തൊഴിലാളികളെ സഹായിക്കുവാനുള്ള എന്തെല്ലാം പരിപാടികളാണ് കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഇതനുസരിച്ച് എത്ര കുടുംബങ്ങൾക്ക് ഇതിനകം എന്ത് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly